# കേരളീയ ചുവർച്ചിത്രകലയിലെ സൗന്ദര്യാത്മക പരിപ്രേക്ഷ്യം

**ഡോ. ആനി തോമസ്,**
അസി. പ്രൊഫസർ, മലയാളവിഭാഗം, നിർമ്മല കോളേജ്, മൂവാറ്റുപുഴ.

## ഭാരതവും ചുവർച്ചിത്രകലയും

ഭാരതീയ ചുവർച്ചിത്രകലയ്ക്ക് ഏകദേശം രണ്ടായിരം വർഷത്തെ പഴക്കമുണ്ട്. ദേവാലയങ്ങളും രാജകീയസൗധങ്ങളും വർണ്ണചിത്രങ്ങൾ വരച്ച് മോടിപിടിപ്പിക്കുന്ന ആലേഖ്യസമ്പ്രദായമാണിത്. രാമായണം, നാട്യശാസ്ത്രം, നാരദശില്പം ഇവയിലെല്ലാം ചുവർചിത്രങ്ങളെപ്പറ്റി പരാമർശമുണ്ട്. കെട്ടിപ്പടുത്ത ചുവരിൽ കുമ്മായം ഉപയോഗിച്ച് പരുക്കൻ പ്രാഥമിക പ്രതലവും അതിനുമീതെ നേർമ്മയുള്ള ദ്വിതീയ പ്രതലവും ഒരുക്കുന്നു. അതിനുശേഷമാണ് ചിത്രങ്ങൾ വരയ്ക്കുന്നത്.

## വർണങ്ങളിലെ വൈവിധ്യം

ചുവർച്ചിത്രങ്ങളുടെ രചനയ്ക്ക് കാവിചുമപ്പ്, കാവിമഞ്ഞ, പച്ച, ചുമപ്പ്, വെള്ള, നീലം, ഹരിതനീലം, കറുപ്പ്, മഞ്ഞ, സ്വർണ്ണമഞ്ഞ തുടങ്ങിയുള്ള വിവിധതരം വർണ്ണങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്. പച്ചിലച്ചായങ്ങളും പഴച്ചാറുകളും മണ്ണിൽനിന്നു കുഴിച്ചെടുക്കുന്ന ധാതുക്കളും രാസവസ്തുക്കളും ചെടികളുടേയും കായ്കളുടെയും ചാറുകളും ചായനിർമ്മാണത്തിന് ഉപയോഗിച്ചിരുന്നു. ചായങ്ങൾ നാരങ്ങയിൽ കുതിർത്ത് കരിക്കിൻ വെള്ളത്തിലായിരുന്നു ചാലിച്ചിരുന്നത്.

## പശകളുടെ ഉപയോഗവും തൂലികകളും

വിളാമ്പശ, കളിപ്പാൽ, വേപ്പിൻപശ തുടങ്ങി പലതരം പശകൾ ചിത്രനിർമ്മിതിയ്ക്കായി ഉപയോഗിച്ചിരുന്നു. ഈ പശകൾ ശർക്കരയും

ചേർത്തുപയോഗിക്കുന്ന പതിവുണ്ടായിരുന്നു. കോരപ്പുല്ല്, കൈതവേര് എന്നിവകൊണ്ടുണ്ടാക്കുന്ന വിവിധതരം ബ്രഷുകളും മുളന്തണ്ട് കൂർപ്പിച്ചെടുത്ത തൂലികയുമാണ് ചുവർചിത്രങ്ങളുടെ രചനോപകരണങ്ങൾ.

### കേരളവും ചുവർച്ചിത്രങ്ങളും

നമ്മുടെ ചുവർചിത്രകലയ്ക്ക് പന്ത്രണ്ട് നൂറ്റാണ്ടിന്റെ ചരിത്രപാരമ്പര്യമാണുള്ളത്. കന്യാകുമാരി ജില്ലയിൽ ഉൾപ്പെടുന്ന തിരുനന്ദിക്കരയിലെ ഗുഹാക്ഷേത്രത്തിലുണ്ടായ ചിത്രങ്ങൾ ആയ് രാജാക്കൻമാരുടെ കാലത്തുണ്ടായവയാണെന്നാണ് ഗവേഷകമതം. എ.ഡി. എട്ട്, ഒമ്പത് നൂറ്റാണ്ടുകളിലാണ് ഗുഹാക്ഷേത്രങ്ങൾ മാറുന്നത്. പകരം സുഘടിത ക്ഷേത്രങ്ങൾ (Structural Temples) നിലവിൽ വന്നപ്പോൾ അവയിൽ ആര്യസൗഷ്ഠവമാർന്ന ചുവർചിത്രങ്ങൾക്ക് പ്രാധാന്യം ലഭിച്ചു.

ഏ.ഡി എട്ടും ഒമ്പതും നൂറ്റാണ്ടിനു മുമ്പുണ്ടായിരുന്ന സമ്പ്രദായം 'കളമെഴുത്ത്' സമ്പ്രദായമായിരുന്നു. ദ്രാവിഡമെന്നോ അവൈദികമെന്നോ ആയിരുന്നു ഈ സമ്പ്രദായം അറിയപ്പെട്ടത്. അഞ്ചു വർണ്ണങ്ങളിലുള്ള പൊടികൾ ഉപയോഗിച്ച് നിലത്താണ് ഈ കളമെഴുത്ത് നടത്തിയിരുന്നത്. ദേവീദേവൻമാരെയും നാഗത്താൻമാരെയും ആയിരുന്നു ഇതിൽ വരച്ചിരുന്നത്. റിയലിസ്റ്റിക് സ്റ്റൈലിൽ ആയിരുന്നില്ല ഈ ചിത്രങ്ങളുടെ രചന. കാല്പനികത്തിന്റേയും ആദർശാത്മക സൗന്ദര്യാവിഷ്കാരത്തിന്റെയും ഉദാത്തമാതൃകകളായി ഈ ചിത്രങ്ങൾ പ്രശോഭിച്ചു.

### ശൈലീപരമായ സവിശേഷതകളും കാലഗണനയും

ശൈലീപരമായ പ്രത്യേകതകൾ കണക്കാക്കി കേരളത്തിലെ ചുവർചിത്രങ്ങളെ പ്രാഥമികഘട്ടം, പ്രാഥമികാനന്തരഘട്ടം, മധ്യകാലഘട്ടം, മധ്യകാലാനന്തരഘട്ടം എന്നിങ്ങനെ നാലായി തിരിക്കാം. പ്രാഥമികഘട്ടത്തിലെ ചിത്രങ്ങളിൽ ചരിത്രകാരന്മാർ തിരുനന്തിക്കര, കാന്തളൂർ, ത്രിവിക്രമംഗലം, പാർഥിവപുരം എന്നീ ക്ഷേത്രങ്ങളിലേയും ചിതറാൽ ഗുഹാക്ഷേത്രങ്ങളിലേയും ചിത്രങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രാഥമികാനന്തരഘട്ടത്തിൽ മട്ടാഞ്ചേരിയിലെ രാമായണചിത്രങ്ങളും തൃശ്ശൂർ വടക്കുംനാഥൻ, തിരുവഞ്ചിക്കുളം, എളങ്കുന്നപ്പുഴ, മൂളക്കുളം, കോട്ടയം താഴത്തങ്ങാടി, വാസുദേവപുരം, തൃക്കൊടിത്താനം തുടങ്ങിയ ക്ഷേത്രങ്ങളിലെ ചിത്രങ്ങളാണ്. അകപ്പറമ്പുപള്ളി, കാഞ്ഞൂർപള്ളി, തിരുവല്ലാപള്ളി, കോട്ടയംചെറിയപള്ളി, ചേപ്പാടുപള്ളി,അങ്കമാലിപള്ളി തുടങ്ങിയ ക്രൈസ്തവദേവാലയങ്ങളിലേയും ലോകനാർക്കാവ്, ആർപ്പൂക്കര, എന്നീ ക്ഷേത്രങ്ങൾ, പത്മനാഭസ്വാമിക്ഷേത്രം, കരിവേലപ്പുരമാളിക,

പത്മനാഭപുരം കൊട്ടാരം, മട്ടാഞ്ചേരി കൊട്ടാരത്തിലെ കോവേണിത്തളം, അതേകൊട്ടാരത്തിലെ കീഴ്ത്തളം എന്നിവിടങ്ങളിലെ ചിത്രങ്ങളാണ് മധ്യകാലഘട്ടത്തെ പ്രതിനിധീകരിക്കുന്നത്. നാലാംഘട്ടമായ മധ്യകാലാനന്തരഘട്ടത്തിൽ ബാലുശ്ശേരി,കോട്ടയ്ക്കൽ, കോഴിക്കോട് തളി, വടകര കീഴൂർ, വടകര ചേന്നമംഗലം, ലോകനാർകാവ്, കരിമ്പുഴ, മുക്കുതല, പൂവത്തൂർകോട്ട എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളാണ്. എ.ഡി. പതിനഞ്ചു മുതൽ പതിനെട്ടുവരെയുള്ള നൂറ്റാണ്ടുകളിലാണ് കേരളീയ ചുവർചിത്രങ്ങൾക്ക് ഇന്നുകാണുന്ന രേഖാപ്രസരണ സൂക്ഷ്മതയും ഭാവതീവ്രതയും വർണ്ണലയവും ചലനാത്മകസൗന്ദര്യവും അലൗകികഭംഗിയും കൈവന്നത്.

അന്നത്തെ സാമൂഹികാവസ്ഥയുടെ പരിണതഫലമായി—പോർട്ടുഗീസ് സംഘട്ടനം, പാശ്ചാത്യരായ കച്ചവടക്കാരുടെ ദുരയും ക്രൂരതയും — ആരംഭിച്ച രണ്ടാം ഭക്തിപ്രസ്ഥാനം പുതിയ സാംസ്കാരിക നവോത്ഥാനത്തിനു വഴിയൊരുക്കി. കൃഷ്ണനാട്ടവും കഥകളിയും ഉൾപ്പെടെ പല ക്ഷേത്രകലകളും ഇക്കാലത്ത് ജന്മംകൊണ്ടു. സാമുതിരിയെക്കൂടാതെ ചെറിയ ചെറിയ നാട്ടുവാഴികളും ഈ സുവർണ്ണകാലഘട്ടത്തിൽ പങ്കാളികളായി. മൈസൂറിലെ ടിപ്പുവിന്റെ ആക്രമണം ക്ഷേത്രസംസ്കാരത്തിന്റെ തകർച്ചയ്ക്കു വഴിയൊരുക്കി. കൊച്ചി, തിരുവിതാംകൂർ ദിവാനായിരുന്ന കേണൽ മൺറോ ദേവസ്വങ്ങളുടെ ഭരണം ഗവൺമെന്റ് നേരിട്ടേറ്റെടുക്കണമെന്ന് തീരുമാനിച്ചു. തന്മൂലം ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചുള്ള സാമൂഹികജീവിതത്തിന്റെ ഘടന സമൂലം മാറിപ്പോയി. ഈ സാമൂഹികാന്തരരീക്ഷത്തിൽ ചുവർച്ചിത്രകലയുടെ പ്രഭ മങ്ങാൻ തുടങ്ങി. രാജാരവിവർമ്മയുടെ നവീന ശൈലിയിലുള്ള ക്യാൻവാസ് ചിത്രങ്ങൾ ഇക്കാലമാകുമ്പോൾ ആഗോളപ്രശസ്തി നേടിക്കഴിഞ്ഞു. പാരമ്പര്യശൈലി വിട്ട് ചിത്രകാരന്മാർ രവിവർമ്മയെ അനുകരിച്ചു.

## ചുവർച്ചിത്രകലയിലെ പ്രമേയവൈവിധ്യം

മതാത്മകമായ പ്രമേയങ്ങളാണ് കേരളത്തിലെ ചുവർച്ചിത്രങ്ങളിൽ അധികവും ചിത്രീകരിച്ചത്. ദേവീദേവന്മാരുടെ രൂപങ്ങളും പുരാണകഥകളുമായിരുന്നു ചിത്രീകരണത്തിനായി പൊതുവെ തെരഞ്ഞെടുത്തിരുന്നത്. ശിവൻ, വിഷ്ണു, ഭഗവതി, ഗണപതി, സുബ്രഹ്മണ്യൻ തുടങ്ങിയുള്ള ഹൈന്ദവമതത്തിലെ മുഖ്യദേവതകളായിരുന്നു ശ്രീകോവിലുകൾക്കു നാലുചുറ്റിലും ഗോപുരഭിത്തിയിലും കാണുന്ന ചുവർച്ചിത്രങ്ങളിലെ പ്രധാനപ്രമേയങ്ങൾ. ശാസ്താവിന്റെ ചിത്രങ്ങൾ കേരളത്തിൽ സർവസാധാരണമാണ്. സൂര്യദേവന്റെ ചിത്രങ്ങൾ കുറവാണെങ്കിലും

സൂര്യനാരായണസങ്കല്പത്തെ ആവിഷ്കരിക്കുന്ന ചിത്രങ്ങൾ വിരളമല്ല. ശൈവചിത്രങ്ങളെടുത്താൽ ശ്രീപരമേശ്വരന്റെ ആനന്ദതാണ്ഡവത്തിനാണ് പ്രാധാന്യം. ഗണപതി, സുബ്രഹ്മണ്യൻ, പാർവതി ഇവരോടൊപ്പം കൈലാസത്തിൽ വാഴുന്ന ശ്രീപരമേശ്വരന്റെ ചിത്രങ്ങളും സാധാരണമാണ്. ശൈവചിത്രങ്ങളുടെ കൂട്ടത്തിൽ ശിവന്റെ മൂർത്തീഭേദങ്ങളും കാണാൻ കഴിയും. മൂർത്തീഭേദങ്ങളിൽ അഞ്ചുശിരസ്സുള്ള സദാശിവൻ, കിരാതശിവൻ, അഘോരശിവൻ, ഭിക്ഷാടനമൂർത്തി, അർദ്ധനാരീശ്വരൻ, ഭൈരവൻ തുടങ്ങിയവവരെ നമുക്കതിൽ ദർശിക്കാം.



വൈഷ്ണവചിത്രങ്ങളും കേരളീയരുടെ ആരാധനാസങ്കൽപങ്ങളും:-

ദശാവതാരങ്ങളെയും അവയുടെ അവതാര ഉദ്ദേശ്യങ്ങളെയും ആവിഷ്കരിക്കുക എന്ന ലക്ഷ്യമാണ് വൈഷ്ണവചിത്രരചനയ്ക്കു പിന്നിൽ. ശങ്കരാചാര്യരും ജയദേവരും ശ്രീബുദ്ധനെ ദശാവതാരങ്ങളിലാണ് ഉൾപ്പെടുത്തിയതെങ്കിൽ കേരളത്തിലെ ഒരൊറ്റ ചുവർച്ചിത്രങ്ങളിലും ശ്രീബുദ്ധനെ വിഷ്ണുവിന്റെ അവതാരങ്ങളിൽ ഉൾപ്പെടുത്തിക്കണ്ടില്ല. ശ്രീപത്മനാഭന്റെ ചിത്രങ്ങൾ അനേകം ക്ഷേത്രങ്ങളിലും മന്ദിരങ്ങളിലും കാണാം. സന്താനഗോപാലമൂർത്തി ഗുരുവായൂരപ്പൻ, മഹാലക്ഷ്മിയെ മാറിൽ ധരിച്ചിരിക്കുന്ന വിഷ്ണു തുടങ്ങിയുള്ള ചിത്രങ്ങളും ക്ഷേത്രച്ചുവരുകളിൽ സ്ഥാനംപിടിച്ചു.

ശ്രീരാമന്റെ അപദാനങ്ങൾ പ്രകീർത്തിക്കുന്ന ചിത്രങ്ങളിൽ ജനനം മുതൽ പട്ടാഭിഷേകംവരെയുള്ള രാമായണകഥകൾ മാത്രമെ ചിത്രീകരിച്ചിട്ടുള്ളൂ. വാല്മീകിയുടെ മനുഷ്യനായ രാമനെയല്ല നമ്മുടെ ചുവർച്ചിത്രകാരന്മാർ ആവിഷ്കരിച്ചത്. എഴുത്തച്ഛന്റെയും ശക്തിഭദ്രന്റെയും മറ്റും ഭാവനയിലുള്ള അവതാരശ്രേഷ്ഠനായ ശ്രീരാമചന്ദ്രനെയാണ് നമ്മുടെ ചുവർചിത്രങ്ങളിൽ ആവിഷ്കരിച്ചത്.

കേരളീയചുവർച്ചിത്രങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ശ്രീകൃഷ്ണലീലകൾ തന്നെയായിരുന്നു. അവയിൽ പൂതനാമോക്ഷം, കാളിയമർദ്ദനം,


ഗോവർദ്ധനത്തെ കുടയായി പിടിച്ചുനിൽക്കുന്ന കൃഷ്ണൻ, വസ്ത്രാപഹരണം ഇവ ഏവരുടെയും ഹൃദയത്തെ ആഹ്ലാദിപ്പിക്കുന്നതാണ്. ദേവിമാഹാത്മ്യം, മാർക്കണ്ഡേയ പുരാണം, ശാക്തേയധ്യാനങ്ങൾ എന്നിവയുടെസ്വാധീനം, ദുർഗ, ഭദ്രകാളി, സപ്തമാതാക്കൾ എന്നീ ദേവതകളുടെ ചിത്രീകരണത്തിൽ ഉണ്ടായിരുന്ന വിശ്വാമിത്രൻ, വസിഷ്ഠൻ തുടങ്ങിയ ഋഷിമാരും നവഗ്രഹങ്ങളും ദിക്പാലന്മാരും ഇതിൽ സ്ഥാനംപിടിച്ചു. അസാധാരണ സ്ത്രീസൗന്ദര്യത്തിന്റെ മാതൃകകളാണ് കമുകിൻചോട്ടിൽ നില്ക്കുന്ന സുന്ദരയക്ഷിമാർ. ഭാരതത്തിലെ ചിലപ്രദേശങ്ങളിൽ ഒരു കാലത്ത് ശൈവ-വൈഷ്ണവ സംഘട്ടനങ്ങൾ നിലനിന്നിരുന്നു. ഇവിടത്തെ ചുവർച്ചിത്രങ്ങൾ തെളിയിക്കുന്നത് അത്തരം സംഘട്ടനങ്ങൾക്ക് കേരളത്തിൽ സ്ഥാനമില്ലായിരുന്നു എന്നാണ്. ശിവനെ പ്രതിഷ്ഠിച്ച ക്ഷേത്രങ്ങളിൽ വൈഷ്ണവകഥകളും വിഷ്ണുവിന്റെ പ്രതിഷ്ഠയുള്ള ക്ഷേത്രങ്ങളിൽ ശിവന്റെ കഥകളും തുല്യപ്രാധാന്യത്തോടെ ആലേഖനം ചെയ്തിരിക്കുന്നതിൽനിന്ന് ഇതു വ്യക്തമാകും. കേരളീയരുടെ ആരാധനാ സങ്കല്പത്തെക്കുറിച്ച് വ്യക്തമായ ധാരണ ചുവർച്ചിത്രങ്ങളുടെ പഠനത്തിലൂടെ ലഭിക്കും. ശിവനെ പൂജിക്കുന്ന വിഷ്ണുവും വിഷ്ണുവിനെ പൂജിക്കുന്ന ശിവനും കേരളത്തിലെ ചുവർചിത്രങ്ങളുടെ പ്രത്യേകതയാണ്.

### ചുവർചിത്രപാരമ്പര്യത്തിന്റെ സുവർണ്ണ ഇന്നലെകൾ

കേരളത്തിലെ ഏറ്റവും മികച്ചചുവർചിത്രങ്ങൾ കാണുന്നത് പത്മനാഭപുരം, കൃഷ്ണപുരം, മട്ടാഞ്ചേരി എന്നീ കൊട്ടാരങ്ങളിലും ഏറ്റുമാനൂർ, പനയന്നാർകാവ്, പുണ്ഡരീകപുരം, തൃച്ചക്രപുരം, കോട്ടയ്ക്കൽ തുടങ്ങിയ ക്ഷേത്രങ്ങളിലുമാണ്. ഇവിടങ്ങളിലെ ചുമർചിത്രങ്ങൾ പരിശോധിച്ചാൽ മതി കേരളീയ ചുവർച്ചിത്രശൈലിയുടെ സവിശേഷതകൾ വ്യക്തമാവാൻ. ഏറ്റുമാനൂർ അമ്പലത്തിലെ ശിവതാണ്ഡവനൃത്തം ശ്രദ്ധേയമാണ്. ഇതിലെ പ്രധാനപ്രമേയം തറപറ്റിക്കിടക്കുന്ന മുയാലകൻ എന്ന അസുരന്റെ മേൽ നടരാജൻ നടത്തുന്ന താണ്ഡവമാണ്.




കൊട്ടാരചിത്രങ്ങളിൽ ഏറ്റവും മികച്ചത് മട്ടാഞ്ചേരിയിലെ 'ഗിരിജാകല്യാണ'മാണ് (1800). വിവാഹസമയത്ത് പാർവ്വതീദേവി പ്രകടിപ്പിക്കുന്ന മന്ദാക്ഷഭാവഭേദങ്ങൾ ക്രാന്തദർശിയായ ഈ അജ്ഞാതചിത്രകാരൻ ഒപ്പിയെടുത്തിട്ടുണ്ട്. സ്ത്രീത്വത്തിന്റെ സുന്ദരമുഹൂർത്തങ്ങൾക്ക് മിഴിവുനല്കാൻ ഈ ചിത്രകാരനു സാധിച്ചിട്ടുണ്ട്. രേഖകളുടെ ലയാത്മകമായ സഞ്ചാരത്തിലൂടെ ഉണ്ടാകുന്ന താളം സൃഷ്ടിക്കുന്ന സൗന്ദര്യബോധം ഇവിടെ നമുക്ക് കാണാം.



പത്മനാഭപുരം കൊട്ടാരത്തിലെ ചിത്രങ്ങൾ പ്രധാനമായും ഗോപികമാരൊത്ത് ഓടക്കുഴൽ വായിക്കുന്ന കുമാരനായ ശ്രീകൃഷ്ണന്റേതാണ് ഏതാണ്ട് അമ്പതോളം ചിത്രങ്ങൾ ഈ കൊട്ടാരത്തിൽ കാണാൻ കഴിയും. ശ്രീകൃഷ്ണസാന്നിദ്ധ്യത്തിൽ നിർവൃതി അനുഭവിക്കുന്ന ഗോപികമാരുടേയും വേണുഗാനവായനയിൽ ലയിച്ച് ആനന്ദിക്കുന്ന ശ്രീകൃഷ്ണന്റേയും കണ്ണുകൾ ഒരദൃശ്യബിന്ദുവിൽ ഒന്നിക്കുന്നതായി പ്രേക്ഷകർക്കു തോന്നിപ്പിക്കാൻ ചിത്രകാരനുകഴിഞ്ഞു എന്നത് ഒരു വൻവിജയം തന്നെയാണ്.



കൃഷ്ണപുരം കൊട്ടാരത്തിലെ 'ഗജേന്ദ്രമോക്ഷം' കേരളത്തിലെ രണ്ടാമത്തെ വലുപ്പംകൂടിയ ചുവർചിത്രമാണ്. കാവിച്ചുമപ്പിന്റെയും ഹരിത നീലത്തിന്റെയും ഒരപൂർവ്വമേളനം നമുക്കിവിടെ ദർശിക്കാം. ഗജേന്ദ്രൻ 'അജന്താശൈലി'യുടെ വിദൂരസ്മരണകൾ ആവാഹിച്ചെടുത്ത സുന്ദരകഥാപാത്രശില്പമാണ്.



സാത്വികം, രാജസം, താമസം തുടങ്ങിയുള്ള ത്രിഗുണങ്ങളെ ആസ്പദമാക്കിയാണ് മൂർത്തിയ്ക്കുള്ള നിറങ്ങൾ നൽകിയിട്ടുള്ളത്. പച്ച സാത്വികമൂർത്തികൾക്കാണ് നൽകിയിട്ടുള്ളത്. ശ്രീരാമൻ, ശ്രീകൃഷ്ണൻ, ദുർഗ, ശാസ്താവ് തുടങ്ങിയ മൂർത്തികൾക്ക് പച്ച,നീല, ഹരിതനീലം, ഇവയിലേതെങ്കിലുമാണ് കൊടുക്കുക. ഗണപതി, നരസിംഹം, വരാഹമൂർത്തി തുടങ്ങിയ രജോമൂർത്തികൾക്ക് ചുവപ്പ്, മഞ്ഞ കലർന്ന ചുമപ്പ് എന്നീ നിറങ്ങളാണ് കൊടുക്കുക. തമോമൂർത്തികൾക്ക് വൈഷ്ണവപക്ഷമനുസരിച്ച് വെള്ളയും ശൈവപക്ഷപ്രകാരം കറുപ്പും നൽകുന്നു. മഹാലക്ഷ്മി, പാർവ്വതി, വിഷ്ണുമായ എന്നിവർക്ക് സ്വർണ്ണവർണ്ണമാണ് ഇണക്കിയിരിക്കുന്നത്. താണ്ഡവമാടുന്ന ശിവനും ദക്ഷിണാമൂർത്തിക്കും വെള്ളനിറവും മഹേശ്വരന് സ്വർണ്ണവർണ്ണവുമാണ് ചിത്രങ്ങളിൽ ദൃശ്യമാവുക. ഭദ്രകാളിക്ക് മേഘശ്യാമവും കൃഷ്ണന് മഞ്ഞവസ്ത്രവും ശാസ്താവിന് നീലവസ്ത്രവുമാണ് ചുവർച്ചിത്രകാരന്മാർ സ്വീകരിച്ചിരുന്നത്.



കേരളീയ ചുവർച്ചിത്രസവിശേഷതകൾ.

വികാരങ്ങൾ സംയമനം ചെയ്യാനുള്ള കേരളീയരുടെ കഴിവ് ഈ ദേവീദേവൻമാരുടെ ചിത്രങ്ങളിൽ പ്രകടമാണ്. കേരളത്തിന്റെ ഭൂപ്രകൃതി

സ്വാധീനം ഈ ചിത്രങ്ങളിലും സർവ്വസാധാരണമാണ്. ചാക്യാരുടേയും കഥകളി നടന്റെയും സ്തോഭപ്രകടനചാതുരി ചുവർച്ചിത്രകാരൻമാരെ ആകർഷിച്ചു. പരോക്ഷമായി അവർ ദാരിദ്ര്യം, രോഗം, മാടമ്പികളുടെ നിരുത്തരവാദപരമായ ജീവിതം എന്നിവയെല്ലാം ക്ഷേത്രച്ചുമരുകളിൽ ചിത്രീകരിച്ചു. കേരളീയരുടെ സ്ത്രീസൗന്ദര്യസങ്കല്പം ഈ ചിത്രങ്ങളിലെ സുന്ദരിമാരിൽ കാണാം. പത്മനാഭപുരം കൊട്ടാരത്തിലെ സുന്ദരിമാർ നീണ്ട മുഖത്തോടും ദൃഢശരീരത്തോടുംകൂടിയ ലക്ഷണംതികഞ്ഞ 'ശംഖനി'കളായിരുന്നു.മട്ടാഞ്ചേരി കൊട്ടാരത്തിലെ സുന്ദരിമാർ ഉരുണ്ടമുലകളും തുടുത്തദേഹങ്ങളും ഉള്ള 'പദ്മിനി'മാരായിരുന്നു എന്നുമാണ് ചിത്രങ്ങളിൽ ചിത്രകാരന്മാർ വിലയിരുത്തുന്നത്. കേരളീയ ചുവർചിത്രങ്ങൾക്കുള്ള ഏറ്റവും വലിയ പ്രത്യേകത ആരോഹണഅവരോഹണങ്ങളുടെ വർണ്ണതാളവും രേഖാവിന്യാസത്തിന്റെ സംഭാവനയായ ചലനാത്മകത, ബൃഹത്കരണത്തിലൂടെ നേടുന്ന അലൗകികത ഇവയെല്ലാമാണ്.



ചുവർച്ചിത്രകലയിൽ തെളിയുന്ന സൗന്ദര്യത്മകത

ഭാരതീയചിത്രകലയുടെ സൗന്ദര്യശാസ്ത്രപരമായ അന്വേഷണത്തിൽ രേഖകൾക്കായിരുന്നു പ്രാധാന്യം എന്നുകാണാം. അതുകഴിഞ്ഞാൽ സ്ഥാനം അനുപാതം, നില, പശ്ചാത്തലം, സമമിതി, സാദൃശം എന്നിവയ്ക്കായിരുന്നു. ഏ.ഡി. നാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട 'വിഷ്ണുധർമ്മോത്തരപുരാണ'ത്തിലെ ചിത്രസൂത്രഭാഗം നാലു ശൈലികളെപ്പറ്റി സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. അവ യഥാക്രമം സത്യം (Realistic- യഥാർത്ഥ ചിത്രീകരണം), വൈണികം (ഭാവഗീതാത്മകം), നാഗരം (ജീവിതഗന്ധിയായത്), മിശ്രം (മേല്പറഞ്ഞ മൂന്ന് ശൈലികളും ഇടകലർന്നത്) എന്നിവയായിരുന്നു. ഈ നാലു ശൈലികളിൽ 'വൈണിക'ചിത്രത്തിനാണ് ഇവിടെ കൂടുതൽ പ്രചാരം ലഭിച്ചത്.

വേദാന്തദർശനത്തിൽ 'ബ്രഹ്മം സത്യം ജഗത് മിഥ്യ' എന്നാണ് പഠിപ്പിച്ചിരുന്നത്. ഇത് കാഴ്ചയെ അതേപടി പകർത്തുന്നതിൽ നിന്ന് ഭാരതീയകലാകാരന്മാരെ പിന്തിരിപ്പിച്ചു. ഭാരതീയ ചിത്രകാരൻമാർ

ധ്യാനങ്ങളിലെ മൂർത്തീകല്പനത്തിന് രൂപങ്ങൾ നൽകുകയായിരുന്നു ചെയ്തത്. ബാഹ്യയാഥാർത്ഥ്യത്തെ പാടെ അവഗണിയ്ക്കുമ്പോൾപോലും ശരീരഘടനയുടെ ചിത്രീകരണത്തിൽ ചില നിയമങ്ങൾ പാലിക്കാൻ താലപ്രമാണം (ആപേക്ഷിക സ്വഭാവത്തോടുകൂടിയ അളവുകൾ) ഭാരതീയ ചിത്രകാരൻമാർ പ്രയോജനപ്പെടുത്തി.

ദേവീദേവൻമാരെ വ്യവസ്ഥാപിതമായ ഒരു ക്രമത്തിൽ—പഞ്ചതാലം, അഷ്ടതാലം, നവതാലം, ദശതാലം—ചിത്രീകരിച്ചു. ഓരോ താലക്രമത്തിനും മൂന്ന് ഉപവിഭാഗങ്ങൾ ഉണ്ട്. അവ യഥാക്രമം ഉത്തമം, മധ്യമം, അധമം ഇവയാണത്. പുണ്യമൂർത്തികൾക്ക് ഉത്തമ താലപ്രമാണങ്ങളും ആഭിചാരമൂർത്തികൾക്ക് അധമ താലപ്രമാണങ്ങളുമാണ് നിർദ്ദേശിച്ചിരുന്നത്.

താലപ്രമാണം കഴിഞ്ഞാൽ ഭാരതീയ കലാകാരൻമാർ പ്രാധാന്യം നൽകിയ സൗന്ദര്യശാസ്ത്രതത്ത്വം രൂപങ്ങളുടെ നിലകളെ സംബന്ധിച്ചുള്ള നിഷ്കർഷയായിരുന്നു. ചിത്രങ്ങൾ ചലനാത്മകമാക്കാൻ നർത്തകരുടെ ചുവടുവെയ്പുകളെപ്പറ്റിയും ചലനങ്ങളെപ്പറ്റിയുമുള്ള അവബോധം സഹായിക്കുമെന്നും നമ്മുടെ കലാകാരൻമാർ കരുതി. ചിത്രങ്ങളിലും ശില്പങ്ങളിലും കാണുന്ന നിലകൾ പ്രധാനമായി സമഭംഗം, അഭംഗം, ത്രിഭംഗം, അതിഭംഗം ഇവയാണ്. മഹാലക്ഷ്മിയുടെയും സരസ്വതിയുടെയും മറ്റും ഇരിക്കുന്ന രൂപത്തിലുള്ള ചിത്രങ്ങൾ സമഭംഗത്തിന് ഉദാഹരണമാണ്. ഓടക്കുഴൽ ഊതുന്ന വേണുഗോപാലകൃഷ്ണൻ, കമുകിൽ ചാരിനിൽക്കുന്ന സുന്ദരയക്ഷി തുടങ്ങിയ ചിത്രങ്ങൾ ത്രിഭംഗത്തിനുദാഹരണമാണ്. അതിഭംഗത്തിനുദാഹരണമായി കാണിക്കാവുന്നത് കേരളത്തിലെ ചുവർചിത്രങ്ങളിലെ വേതാളരൂപങ്ങളും തഞ്ചാവൂരിലെ ബൃഹദീശ്വരക്ഷേത്രത്തിലെ നർത്തകീചിത്രങ്ങളുമാണ്.

വിഷ്ണു ധർമ്മോത്തരത്തിൽ അഞ്ചുതരം പുരുഷൻമാരെ പറയുന്നുണ്ട്. ഹംസം, ഭദ്രം, മാലവ്യം, രുപകം, ശശം എന്നിവയാണ് അഞ്ചുതരം പുരുഷന്മാർ. ഹംസ വിഭാഗത്തിൽപ്പെട്ടവരാണ് രാജാക്കൻമാർ. രോമാവൃത കവിൾ, ആനനട, കുലീനത്വം, താമരപ്പൂനിറം, തടിച്ചുരുണ്ടകൈകൾ ഈ പ്രത്യേകതകളാണ് ഭദ്ര വർഗത്തിൽപെട്ടവർക്കുള്ളത്. ഉദാ: ഗന്ധർവ്വന്മാർ, ദൈത്യൻമാർ, ദാനവർ, മന്ത്രിമാർ ഇവരെല്ലാം ഈ വിഭാഗത്തിൽപ്പെട്ടവരാണ്. കിന്നന്മാർ, രാക്ഷസന്മാർ ഇവരെല്ലാം മാലവ്യ വർഗക്കാരും യക്ഷൻമാർ രുചകവർഗ്ഗത്തിലുംപെട്ടവരാണ്.

പുരുഷന്റെയും സ്ത്രീയുടെയും ഉയരത്തെയും സ്ത്രീയുടെ അരക്കെട്ട്, രാജാവിന്റെ ഹസ്തരേഖകൾ എന്നിവയുടെ ചിത്രീകരണം സംബന്ധിച്ചും

വ്യക്തമായ കാഴ്ചപ്പാട് ചിത്രകാരൻമാർക്കുണ്ടായിരുന്നു. നാലുതരം കണ്ണുകളെപ്പറ്റിയും ചിത്രസൂത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വില്ല്, മീൻപള്ള, നീലോല്പലത്തിന്റെ ഇതൾ, ചെന്താമരയിതൾ എന്നീ ആകൃതിയോടുകൂടിയതാണ് നാലുതരം കണ്ണുകൾ. ശംഖാകൃതിയിലുള്ള കണ്ണിനെപ്പറ്റിയും അഞ്ചാമതായി പ്രസ്താവിക്കുന്നുണ്ട്. ആറുതരം മുടികളെപ്പറ്റി വിഷ്ണു ധർമ്മോത്തരത്തിൽ പറയുന്നുണ്ട്. കുന്തളം, ദക്ഷിണാവർത്തം, തരംഗം, സിംഹകേസരം, വർധരം, ജൂടാടസാരം എന്നിങ്ങനെയാണ് ആറുതരം മുടികൾ. രൂപങ്ങൾ നേരെനോക്കുന്ന വിധം വരയ്ക്കുന്നതിനെപ്പറ്റിയും പലവിധത്തിൽ ചരിഞ്ഞു നോക്കുന്നവിധം വരയ്ക്കുന്നതിനെപ്പറ്റിയും ശ്രീകുമാരൻ ശില്പരത്നത്തിൽ പ്രതിപാദിക്കുന്നുണ്ട്.

കാട്, പർവ്വതം, നഗരം, ഗ്രാമം, കോട്ട, രാത്രി, പ്രഭാതം എന്നിവ എങ്ങനെയാണ് ചിത്രീകരിക്കേണ്ടത് എന്നതിനെപ്പറ്റി ആചാര്യന്മാർക്ക് വ്യക്തമായ ധാരണയുണ്ടായിരുന്നു. ചിത്രകലയുടെ സൗന്ദര്യശാസ്ത്രത്തിൽ ഏറ്റവും പ്രധാനതത്വങ്ങളാണ് 'ഷഡംഗങ്ങൾ' ഇതു വരുന്നത് കാമസൂത്രത്തിന് യശോദരൻ നൽകിയ വ്യാഖ്യാനത്തിലാണ്.

'രൂപഭേദ പ്രമാണാനി
ഭാവലാവണ്യയോജനം
സാദൃശ്യം വർണികാഭംഗ
ഇതിചിത്രം ഷഡംഗം'

ചിത്രകലയിലെ ഷഡംഗങ്ങൾ രൂപഭേദം പ്രമാണിച്ച്, ഭാവലാവണ്യയോജനം, സാദൃശ്യം, വർണികാഭംഗം എന്നിവയാണ്.

സ്ത്രീ, പുരുഷൻ, ദേവൻ, ദേവി തുടങ്ങിയ രൂപങ്ങളുടെ വൈവിധ്യത്തെ ചിത്രീകരിക്കാനുള്ള കഴിവാണ് 'രൂപഭേദം'. രൂപങ്ങളെ താലപ്രമാണത്തിൽ ചിത്രീകരിക്കാനുള്ള വൈദഗ്ധ്യമാണ് 'പ്രമാണം' എന്നതുകൊണ്ടർത്ഥമാക്കുന്നത്. ഭാവാവിഷ്കരണ ചാതുര്യത്തെയാണ് 'ഭാവം' എന്നതുകൊണ്ടുദ്ദേശിക്കുന്നത്. സൗന്ദര്യത്തെ സ്ഫുടമാക്കാനുള്ള കഴിവാണ് 'ലാവണ്യയോജനം'. ചിത്രീകരണ വിഷയത്തിന്റെ ആദർശാത്മകമായ ആവിഷ്കാരമാണ് 'സാദൃശ്യം'. വർണ്ണഭേദത്തെ ചമത്കാര വിശേഷത്തോടെ നൽകാനുള്ള കഴിവാണ് 'വർണികാഭംഗം'.

### നിറങ്ങളും പ്രതീകാത്മകമൂല്യങ്ങളും

മൂർത്തികൾക്കു പ്രത്യേകനിറങ്ങൾ വിധിച്ചിരുന്നതുപോലെ രസങ്ങൾക്കും പ്രത്യേകം പ്രത്യേകം നിറങ്ങൾ നിഷ്കർഷിച്ചിരുന്നു. ശൃംഗാരത്തിന് ശ്യാമം, ഹാസ്യത്തിന് ശ്വേതം, കരുണത്തിന് ചാരനിറം,

രൗദ്രത്തിന് ചുകപ്പ്, എന്നിങ്ങനെയാണ് നിയമം. ചുവർചിത്രങ്ങളിൽ വീരത്തിനും ശൃംഗാരത്തിനുമാണ് പ്രാധാന്യം. എന്നാൽ കേരളത്തിലെ ചുവർചിത്രങ്ങളിൽ ശാന്തരസത്തിനാണ് പ്രാധാന്യമേറെയുള്ളത്. ശൃംഗാരത്തിനും വീരത്തിനും രണ്ടും മൂന്നും സ്ഥാനങ്ങളാണുള്ളത്. വിവരിക്കേണ്ടത് വിവരിക്കാനും ധ്വനിപ്പിക്കേണ്ടത് ധ്വനിപ്പിക്കാനും ഭാരതീയ ചിത്രകാരന്മാർക്ക് അറിയാമായിരുന്നു. ദുർബലമായ വരകൾ, പരുക്കൻ വരകൾ, വളഞ്ഞുപുളഞ്ഞുള്ള വരകൾ, ക്രമം തെറ്റിയുള്ള വർണ്ണങ്ങൾ ഇവയെല്ലാം ഭാരതീയ സങ്കല്പത്തിൽ ചിത്രത്തിന്റെ പോരായ്മകളാണ്. രേഖകൾക്കുള്ള പ്രാമാണ്യവും അദൃശ്യഭ്രമണപ്രതീതീ സൃഷ്ടിക്കുവാനുള്ള അപൂർവ്വ വൈദ ഗ്ദ്ധ്യവുമാണ് ഭാരതീയവും കേരളീയവുമായ ചുവർച്ചിത്രകലയുടെ ഏറ്റവും പ്രധാന സവിശേഷത. എങ്കിലും നമ്മുടെ ചുമർച്ചിത്രകലയിൽ പുത്തൻ ലാവണ്യ സങ്കല്പങ്ങൾ പരീക്ഷിക്കുവാൻ തയ്യാറായില്ല എന്നത് വലിയൊരു ന്യൂനതയായി അവശേഷിക്കുകയാണ്. കേരളീയ ചുവർചിത്രകലയുടെ സൗന്ദര്യത്തെ ഒപ്പിയെടുത്താണ് ഫാഷൻ ടെക്നോളജിയുടെ രംഗം കുതിക്കുന്നത്. പരസ്യകലയിലും ഏറെ മുന്നേറ്റങ്ങൾക്ക് അടിത്തറയിടാൻ ചുവർചിത്രങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കേരളീയ ചുവർചിത്രകലയിൽ ചരിത്രത്തിന്റേയും മനഃശാസ്ത്രത്തിന്റേയും പരസ്യകലയുടെയും പഠനത്തിന്റെ അനന്തസാധ്യതകൾ ഒളിഞ്ഞുകിടപ്പുണ്ട്. ചുവർചിത്രങ്ങളുടെ പഠനം കേരളീയതയുടെയും പാരമ്പര്യ ചിത്രകലാശൈലിയുടെയും പുനർദർശനത്തിന് വഴിതെളിക്കും.

## ഗ്രന്ഥസൂചി


1. ഡോ. ജിപിൻ വർഗീസ്, കേരളത്തിലെ ക്രൈസ്തവദേവാലയചുമർചിത്രങ്ങളും അൾത്താരച്ചിത്രങ്ങളും, കേരളലളിതകലാ അക്കാദമി, തൃശ്ശൂർ,
2. പ്രൊഫ. പത്മനരാമചന്ദ്രൻ നായർ: (എഡി:), കേരളസംസ്കാരപഠനങ്ങൾ.
3. മോഹൻരാജ് എ. ടി., ചിത്രകല സർഗ്ഗഭാവനയുടെ രൂപാന്തരങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2009.
4. വിജയകുമാർ മേനോൻ, ഭാരതീയ കലാചരിത്രം, കേരള സാഹിത്യ അക്കാഡമി, തൃശ്ശൂർ 2011.
5. ഡോ. വിനി എ., നവോത്ഥാനം ക്ലാസ്സിക്കൽ കലകളിൽ, (പഠനം), എൻ.ബി.എസ്. 2014.
6. ഡോ. ശശിഭൂഷൺ എം. ജി., കേരളീയരുടെ ദേവതാസങ്കല്പം, ഡി. സി. ബുക്സ് -2005.
7. ഡോ. ശശിഭൂഷൺ എം. ജി., കേരളത്തിലെ ചുവർചിത്രങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.